**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3489** **26-10-2021 - ൽ മറുപടിയ്ക്ക്**

**സോയിൽ കൺസർവേഷൻ വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സോയിൽ കൺസർവേഷൻ വകുപ്പ് വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 160 ലക്ഷം രൂപ അടങ്കലിൽ 'വലിയവയൽ' നീർത്തട പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട് . കൂടാതെ പുല്ലമ്പാറ പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട് . |
| (ബി) | ഓരോ പദ്ധതിയുടെയും വിശദവിവരങ്ങൾ നൽകാമോ? | (ബി) | 04/10/2017-ൽ ആരംഭിച്ച 'വലിയവയൽ' നിർത്തട പദ്ധതിയിൽ നാളിതുവരെ 88.04 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, പുല്ലുവച്ചു പിടിപ്പിക്കൽ, സ്റ്റിപ്പ് ടെറസ്സ്, പാർശ്വഭിത്തി സംരക്ഷണം, തടയണ, റാംപ്, റിങ്ങ് പോണ്ട്, റീറ്റെയിനിംഗ് വാൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി 230 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി പുല്ലമ്പാറ പഞ്ചായത്തിലെ 1459 കർഷകർക്ക് മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങളുടേയും ശാസ്ത്രീയ വളപ്രയോഗ ശുപാർശകളുടേയും ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ